# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.27/26/S

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
10/07/2026

## എല്ലാ ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും

വിഷയം:- 2026 - 2027 വർഷത്തെ മാവേലിക്കര ഗ്രൂപ്പിലെ ചെട്ടികുളങ്ങര ദേവസ്വം മേൽശാന്തിയെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച്.

സൂചന:- 10/07/2026-ലെ മേൽ നമ്പർ ഉത്തരവ്.

2026 - 2027 വർഷത്തെ മാവേലിക്കര ഗ്രൂപ്പിലെ ചെട്ടികുളങ്ങര ദേവസ്വം മേൽശാന്തിയെ (പുറപ്പെടാ ശാന്തിയായി) തെരഞ്ഞെടുക്കുന്നതിനായി 23/07/2026 വ്യാഴാഴ്ച രാവിലെ 10.30 മണിയ്ക്ക് മാവേലിക്കര ദേവസ്വം ക്യാമ്പ്ഷെഡിൽ വച്ച് കൂടിക്കാഴ്ച നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. ആയതിനാൽ അപേക്ഷകർക്ക് അന്നേ ദിവസം രാവിലെ 9.00 മണിക്ക് കൂടിക്കാഴ്ച സ്ഥലത്ത് ഹാജരാകുന്നതിന് വേണ്ട നിർദ്ദേശം നൽകേണ്ടതാണ്.

കൂടിക്കാഴ്ചയിൽ പങ്കെടുക്കുന്നവർ വിദ്യാഭ്യാസ യോഗ്യത, ജനന തീയതി, പ്രവൃത്തിയിലുള്ള പരിചയം, പ്രാവീണ്യം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും ശിക്ഷണ നടപടിയ്ക്ക് വിധേയനായിട്ടില്ല എന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ട് അതാത് ആഫീസ് മേലധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റ്, ഒരു പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം ഹാജരാകുന്നതിന് നിർദ്ദേശം നൽകേണ്ടതാണ്.

മേൽ പറഞ്ഞവ ഹാജരാക്കാത്ത ശാന്തിക്കാരെ ഇന്റർവ്യൂവിൽ പങ്കെടുപ്പിക്കുന്നതല്ല എന്ന വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

AR.10/07